# ചാച്ചാജി

■ രാജഗോപാലൻ നാട്ടുകൽ



വെള്ളത്തൊപ്പിയണിഞ്ഞിട്ട്
വെള്ളയുടുപ്പുമണിഞ്ഞിട്ട്
ശിശുദിനത്തിലെത്തി ചാച്ചാജി

ചുണ്ടിൽ പുഞ്ചിരിമലരുണ്ടേ
നെഞ്ചിൽ പനിനീർ പൂവുണ്ടേ
മുന്നിൽ നമ്മെ കണ്ടാലോ
കൈകൂപ്പുന്നു ചാച്ചാജി

വന്നേ വന്നേ ചാച്ചാജി
കുട്ടികളിങ്ങനെ ചൊല്ലുമ്പോൾ
മൂത്തവരൊപ്പം പറയുന്നു
നമ്മെ ഭരിച്ചൊരു ചാച്ചാജി
നമ്മുടെയെല്ലാം ചാച്ചാജി!

വ്യാഴത്തിന്റെ ഉപഗ്രഹവും സൗരയൂഥത്തിലെ ഏറ്റവും വലിയ ഉപഗ്രഹവും ഏത്- ഗാനിമീഡ്